(ജി) പ്രസക്തമല്ല.

(എച്ച്) ഏകദേശം 3.75 കോടി രൂപയുടെ.

(ഐ) മത്സര അടിസ്ഥാനത്തിലുള്ള ദർഘാസുകൾ വഴി.

124 (3307) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികാവശ്യത്തിനുള്ള കണക്ഷന് കാലതാമസം നേരിടുന്നത് ഈയിനത്തിന് ഓരോ വർഷവും കുറഞ്ഞ ടാർജറ്റ് നിശ്ചയിക്കുന്നതു കൊണ്ടാണെന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതു പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ സാധനസാമഗ്രികളുടെ ലഭ്യതക്കുറവുമൂലം കാലതാമസം നേരിടാറുണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയക്ക് വിധേയമായി മുൻഗണനാക്രമത്തിൽ കണക്ഷനുകൾ നൽകിവരുന്നുണ്ട്.

(ബി) മുൻഗണന നല്കിയിട്ടുണ്ട്.

(സി) കാർഷിക കണക്ഷനുകൾക്ക് ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. കണക്ഷൻ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മുൻഗണനാക്രമമനുസരിച്ച് കണക്ഷനുകൾ നല്കിവരുന്നു.

(ഡി) ബാധകമല്ല.

125 (3308) വോൾട്ടേജ് ക്ഷാമം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ അങ്ങാടിക്കൽ തെക്ക് പൂവൂർ പ്രദേശത്ത് വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ എന്നാണ് തീരുമാനിച്ചത്;

(ബി) ഇതിൻപ്രകാരം എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ട്രാൻസ്ഫോർമർ സ്ഥാപിച്ചു കഴിഞ്ഞുവോയെന്നും വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്നാണ് സ്ഥാപിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്നും എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-8-96-ൽ എസ്റ്റിമേറ്റിന് അനുമതി നൽകി.

(ബി)&(സി) ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടില്ല. പ്രസ്തുത ജോലിക്ക് വേണ്ടുന്ന സാധനസാമഗ്രികൾ സംഭരിച്ചുവച്ചിട്ടുണ്ട്. ഈ ജോലിക്ക് വേണ്ട ടെണ്ടർ വിളിച്ചുകഴിഞ്ഞു.

(ഡി) ടെണ്ടർ ഉറപ്പിച്ചാലുടൻ പണി ആരംഭിക്കും.

126 (3309) കാസർഗോഡ് ജില്ലയിലെ ഭീമനടി സെക്ഷനിലെ ടാർജറ്റ് പ്രവൃത്തികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പീലിക്കോട് മേജർ സെക്ഷനിൽപ്പെട്ട ഭീമനടി സെക്ഷൻ പരിധിയിൽപ്പെട്ട 1998-99-ലെ ഏതെല്ലാം ടാർജറ്റ് പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

ഭീമനടി സെക്ഷനിലെ 1998-99 വർഷത്തെ ടാർജറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

127 (3310) കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും വൈദ്യുതി കണക്ഷനുവേണ്ടി 1996 മേയ് മാസം മുതൽ 1999 മാർച്ച് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികാവശ്യത്തിന് 52170 അപേക്ഷകളും ഗാർഹികാവശ്യത്തിന് 8,45,893 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) നല്കിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

	ജില്ലയുടെ പേര്	കാർഷികം	ഗാർഹികം
1.	കാസർഗോഡ് ജില്ല	4,590 എണ്ണം	17,414 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly